# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1128** **20/01/2014-ൽ മറുപടിക്ക്**

## സൗജന്യ യൂണിഫോം വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സാജുപോൾ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഗവൺമെന്റ്/ എയിഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ സ്കൂൾ യൂണിഫോം വിതരണം ചെയ്യാനാണ് തീരുമാനമെടുത്തത്. ഇതിനായി ടെൻഡർ ഫോമുലേഷൻ ആന്റ് ഇവാല്വേഷൻ കമ്മിറ്റി രൂപീകരിക്കുകയും, 8 കമ്പനികളെ യൂണിഫോം വിതരണം ചെയ്യുന്നതിനായി എംപാനൽ ചെയ്യുകയുമുണ്ടായി. ടി കമ്പനികളിൽ നിന്നോ, പൊതുവിപണിയിൽ നിന്നോ തുണിത്തരങ്ങൾ വാങ്ങുവാനുള്ള അനുവാദം നിബന്ധനകളോടെ അതാത് സ്കൂൾ അധികാരികൾക്ക് നൽകിയിട്ടുണ്ട്. ആയതിലേയ്ക്കായി ആദ്യ ഗഡുതുക വിതരണം ചെയ്തിട്ടുണ്ട്. 2014 ജനുവരി 17-ന് മുൻപ് എല്ലാ സ്കൂൾ അധികാരികളും യൂണിഫോമിന്റെ സപ്ലൈ ഓർഡർ നൽകി വിവരം ബന്ധപ്പെട്ട എ.ഇ.ഒ ഓഫീസിൽ അറിയിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ബൃഹത്തായ സാമൂഹ്യ ക്ഷേമ പദ്ധതി എന്ന നിലയിൽ എസ്.എം.സി കളും പി.റ്റി.എ കളും പരമാവധി സഹായസഹകരണങ്ങൾ നൽകിയാൽ മാത്രമേ പദ്ധതി വിജയിപ്പിക്കാനാവുകയുള്ളൂ. |

(ബി) ഈ അദ്ധ്യയന വർഷം അവസാനിക്കാറായിട്ടും വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(സി) ഈ വർഷം എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കൂടി സൗജന്യ യൂണിഫോം പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിരുന്നു. ആദ്യ സംരംഭമെന്ന നിലയിൽ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ കണക്ക് ശേഖരിക്കുന്നതിനും, ഗുണമേന്മയുള്ള തുണിത്തരങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് കമ്പനികളെ എംപാനൽ ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സമയം വേണ്ടി വന്നതാണ് വൈകാനിടയായത്.

(ഡി) അദ്ധ്യയനവർഷം അവസാനിക്കാറായ സാഹചര്യത്തിൽ യൂണിഫോമിന്റെ തുക വിതരണം ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) 2014 ജനുവരി 17-ന് മുൻപ് എല്ലാ സ്കൂൾ അധികാരികളും യൂണിഫോമിന്റെ സപ്ലൈ ഓർഡർ നൽകി വിവരം ബന്ധപ്പെട്ട എ.ഇ.ഒ ഓഫീസിൽ അറിയിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സപ്ലൈ ഓർഡർ ലഭ്യമായാലുടൻ തുക അനുവദിക്കുന്നതാണ്.

(ഇ) നാനൂറ് രൂപയ്ക്ക് രണ്ട് ജോഡി യൂണിഫോം വാങ്ങാൻ കഴിയാത്തതിനാൽ തുക വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാവുമോ ?

(ഇ) MHRD മാനദണ്ഡം അനുസരിച്ച് ഒരു ജോഡി യൂണിഫോമിന് 200/- രൂപയാണ് അനുവദിക്കുന്നത്.

സെക്ഷൻ ഓഫീസർ